# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 24.07.2025** **TIME :07.25 AM**

### പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായി യുകെയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം; ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ഉഭയകക്ഷി ചർച്ച നടത്തും.
   **UK greets PM Narendra Modi with warm reception; PM to hold bilateral talks with British PM Keir Starmer.**

2. ദേശീയ സഹകരണ നയം 2025 കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും.
   **Union Home and Cooperation Minister Amit Shah to announce National Cooperative Policy 2025 today in New Delhi.**

3. ഇന്ത്യയും ഇസ്രയേലും തമ്മിലെ ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തിപ്പെടുത്താൻ ന്യൂഡൽഹിയിൽ നടന്ന ചർച്ചയിൽ ധാരണ.
   **Bilateral Defence partnership between India and Israel set to deepen after New Delhi meeting.**

4. മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദൻ ഇനി ജ്വലിക്കുന്ന ഓർമ; ആലപ്പുഴ വലിയ ചുടുകാട്ടിൽ അന്ത്യവിശ്രമം.
   **Veteran Communist leader and former Kerala CM V.S. Achuthanandan bids final goodbye; laid to rest at Valiyachudukad, Alappuzha.**

5. ഇന്ന് കർക്കടകവാവ്. കേരളത്തിലെ പ്രധാന ബലി തർപ്പണ കേന്ദ്രങ്ങളിൽ ചടങ്ങുകൾ തുടരുന്നു. **Karkidaka Vavu observed today; Rituals underway at major Bali Tharpanam centres across Kerala.**

6. **FIDE** വനിതാ ചെസ്സ് ലോകകപ്പിൽ ചരിത്രം കുറിച്ച് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ് ഫൈനലിൽ. **India's Divya Deshmukh creates history, reaches final of FIDE Women's Chess World Cup.**

************************************

**HEADLINE-1**

## PM - UK VISIT

ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ ചെക്കേഴ്സിലാണ് ചർച്ചകൾ. പ്രതിരോധം, വ്യാപാരം, സാങ്കേതികവിദ്യ എന്നീ മേഖലകളിലെ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ചർച്ചകൾ നടക്കും. കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും ബ്രിട്ടീഷ് വാണിജ്യമന്ത്രി ജോനഥൻ റെയ്നൾഡ്സും ഇരു പ്രധാനമന്ത്രിമാരുടെയും സാന്നിധ്യത്തിൽ ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെക്കും. തുടർന്ന് ശ്രീ മോദി ചാൾസ് മൂന്നാമനെയും സന്ദർശിക്കും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ രാത്രി യുകെയിൽ എത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണമാണ് ലഭിച്ചത്. വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ മാൽദീവ്സിൽ എത്തുന്ന പ്രധാനമന്ത്രി പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. ശനിയാഴ്ച മാൽദീവ്സിന്റെ 60-ാാം സ്വതന്ത്ര ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയാകും.

*******************************

## HEADLINE-2

## AMIT SHAH - COOPERATIVE POLICY

അടുത്ത രണ്ട് ദശകങ്ങളിൽ ഇന്ത്യയുടെ സഹകരണ പ്രസ്ഥാനത്തിന് കുതിപ്പ് നൽകുമെന്ന് പ്രതീക്ഷിക്കുന്ന ദേശീയ സഹകരണ നയം 2025 കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. മേഖലയെ ആധുനികവൽക്കരിക്കുകയും 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന ദർശനവുമായി യോജിപ്പിക്കുകയുമാണ് ലക്ഷ്യം. സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന ചട്ടക്കൂട് നൽകുന്ന ആദ്യത്തെ ദേശീയ സഹകരണ നയം 2002 ലാണ് അവതരിപ്പിച്ചത്. മുൻ കേന്ദ്ര മന്ത്രി സുരേഷ് പ്രഭു അധ്യക്ഷനായ 48 അംഗ സമിതിയാണ് പുതിയ നയം തയ്യാറാക്കിയത്.

*******************************

## LS - RS - ADJOURN

വർഷകാല സമ്മേളനത്തിന്റെ മൂന്നാം ദിനമായ ഇന്നലെയും, പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും പ്രക്ഷുബ്ധമായി. ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണവും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം ഇരു സഭകളിലും പ്രതിഷേധം ഉയർത്തി. പ്രതിഷേധം രൂക്ഷമായതോടെ ഇരുസഭകളും നടപടിക്രമങ്ങൾ നിർത്തിവെച്ച് പിരിയുകയായിരുന്നു.

*******************************

## L MURUGAN

രാജ്യത്തെ ആകാശവാണി, ദൂരദർശൻ കേന്ദ്രങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുമുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ. പ്രക്ഷേപണ ഉപകരണങ്ങളുടെ ഡിജിറ്റൈസേഷനും നവീകരണവും,

സ്റ്റുഡിയോ, ട്രാൻസ്മിറ്റർ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം തുടങ്ങിയവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രസഹമന്ത്രി ലോക്സഭയിൽ അറിയിച്ചു.

*******************************

## PB SHABD

ഉയർന്ന നിലവാരമുള്ള വാർത്തകളും മൾട്ടിമീഡിയ ഉള്ളടക്കവും സൗജന്യമായി ലഭിക്കുന്നതിനായി, രാജ്യത്തെ എല്ലാ പത്രങ്ങളെയും, ദൃശ്യ മാധ്യമങ്ങളെയും പുതിയ ന്യൂസ്‌വയർ പ്ലാറ്റ്‌ഫോമായ പിബി ശബ്ദിൽ രജിസ്റ്റർ ചെയ്യാൻ പ്രസാർ ഭാരതി ക്ഷണിച്ചു. ആധികാരികവും വിശ്വസനീയവുമായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി എല്ലാ മാധ്യമ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുമെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജജ്ജു പറഞ്ഞു.

*******************************

## UN INDIA (INTRO)

ജനങ്ങളുടെ സുരക്ഷാ കണക്കിലെടുത്ത് ഇസ്രായേൽ - പലസ്തീൻ യുദ്ധത്തിൽ വെടിനിർത്തൽ അനിവാര്യമാണെന്ന് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവ്വതനേനി ഹരീഷ്. UN സുരക്ഷാ സമിതിയുടെ ത്രൈമാസ സംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

*******************************

## INDIA CHINA

ന്യൂഡൽഹിയിൽ നടന്ന 34-ാമത് ഇന്ത്യ-ചൈന അതിർത്തി കാര്യ സമിതി യോഗത്തിൽ അതിർത്തി പ്രദേശങ്ങളിലെ സ്ഥിതിഗതികൾ അവലോകനം ചെയ്തു. കിഴക്കൻ ഏഷ്യ

ജോയിന്റ് സെക്രട്ടറി ഗൗരംലാൽ ദാസ് നയിച്ച ഇന്ത്യൻ പ്രതിനിധി സംഘം ചൈനീസ് വിദേശകാര്യ മന്ത്രാലയപ്രതിനിധികളുമായി ചർച്ച നടത്തി. നയതന്ത്ര, സൈനിക തല ബന്ധവും അതിർത്തി മേഖലയിൽ നടക്കാറുള്ള കൈമാറ്റങ്ങളും തുടരാൻ ധാരണയായി.

*******************************

## INDIA-CHINA-VISA

അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം ചൈനീസ് പൗരന്മാർക്കുള്ള ടൂറിസ്റ്റ് വിസ ഇന്ത്യ പുനഃരാരംഭിച്ചു. ഓൺലൈൻ അപേക്ഷയും ആവശ്യമായ രേഖകളും ബീജിംഗ്, ഷാങ്ഹായ്, ഗ്വാങ്ഷോ എന്നിവിടങ്ങളിലെ ഇന്ത്യൻ വിസ അപേക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് നൽകാവുന്നതാണെന്ന് ബീജിംഗിലെ ഇന്ത്യൻ എംബസി അറിയിച്ചു. 2020-ൽ ഗാൽവാൻ താഴ്വരയിലുണ്ടായ സംഘർഷത്തെത്തുടർന്ന് മോശമായ ബന്ധം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നതിനിടെയാണ് പുതിയ തീരുമാനം.

*******************************

### HEADLINE-3

## INDIA-ISRAEL MEETING

ദീർഘകാല കാഴ്ചപ്പാടോടെ ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയും ഇസ്രയേലും തമ്മിൽ ധാരണ. പ്രതിരോധ സെക്രട്ടറി രാജേഷ്കുമാർ സിംഗ് ഇന്നലെ ന്യൂഡൽഹിയിൽ ഇസ്രയേൽ പ്രതിരോധ മന്ത്രാലയ ഡയറക്ടർ ജനറൽ മേജർ ജനറൽ അമീർ ബാരാമുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. പഹൽഗാമിലെ ഭീകരാക്രമണത്തെ ഇസ്രയേൽ അപലപിക്കുകയും ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് പൂർണ്ണ പിന്തുണ അറിയിക്കുകയും ചെയ്തു.

*******************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11- 7800 എന്ന ടോൾ ഫ്രീ നമ്പറിലും നാളെ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

*******************************

**HEADLINE-4**

## VS ACHUTHANANDAN

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട ചൊല്ലി കേരളം. വിഎസിന്റെ സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ നടന്നു. നാലു മണിക്കാണ് സംസ്കാരം നിശ്ചയിച്ചിരുന്നത് എങ്കിലും ജനത്തിരക്കു കാരണം രാത്രിയാണ് നടന്നത്. തിരുവനന്തപുരത്ത് നിന്നും ഏകദേശം 29 മണിക്കൂർ കൊണ്ട് വിലാപയാത്ര പുന്നപ്രയിലെ വിഎസിന്റെ വസതിയിൽ എത്തുമ്പോൾ ജനസാഗരമാണ് പാതയോരങ്ങളിൽ കാത്ത് നിന്ന് ജനകീയ നേതാവിന് യാത്രാമൊഴി ചൊല്ലിയത്. മുഖ്യമന്ത്രിയായും, പ്രതിപക്ഷനേതാവായും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് വേണ്ടി പോരാട്ടങ്ങൾ നയിച്ച വി.എസ് ഇനി ഉജ്ജ്വല സ്മരണ. ആധുനിക കേരളത്തിന്റെ സൃഷ്ടിയിൽ വലിയ പങ്കുവഹിച്ച മഹാരഥന്മാരിൽ ഒരാളാണ് വിഎസ് അച്യുതാനന്ദൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്കാരത്തിന് ശേഷം ചേർന്ന സർവകക്ഷി അനുശോചന യോഗത്തിൽ പറഞ്ഞു.

*******************************

**HEADLINE-5**

## KARKKADAKA VAVU

ഇന്ന് കർക്കടകവാവ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഉൾപ്പടെ പിതൃ മോക്ഷം തേടി ആയിരങ്ങളാണ് ബലിതർപ്പണ ചടങ്ങുകളിൽ പങ്കെടുക്കുന്നത്. ഇതോട് അനുബന്ധിച്ച് വിവിധയിടങ്ങളിൽ നിന്നും കെഎസ്ആർടിസി പ്രത്യേക സർവീസ് നടത്തുന്നുണ്ട്.

******************************

### HEADLINE-5a

## MALAPPURAM-KARKKADAKA VAVU (INTRO)

കേരളത്തിലെ പ്രധാന ബലി തർപ്പണ കേന്ദ്രങ്ങളായ ആലുവ മണപ്പുറം, പെരുമ്പാവൂർ ചേലാമറ്റം, വയനാട് തിരുനെല്ലി, അരുവിക്കര, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, പമ്പ ത്രിവേണി, തുടങ്ങിയ ഇടങ്ങളിൽ പിതൃതർപ്പണ കർമങ്ങൾ തുടരുന്നു. പത്തനംതിട്ടയിൽ പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ശക്തമായ നീരൊഴുക്കുള്ളതിനാൽ നദികളിൽ ഇറങ്ങുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ 16 കർമികളുടെ കാർമികത്വത്തിലാണ് ചടങ്ങുകൾ.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു....**

(വോയിസ്)

******************************

### HEADLINE-5b

## KANNUR-BALI THARPANAM (INTRO)

കർക്കടകവാവിനോടനുബന്ധിച്ച് ബലിതർപ്പണത്തിനായി കണ്ണൂരിലെ ക്ഷേത്രങ്ങളിലും തർപ്പണ കേന്ദ്രങ്ങളിലും വൻ തിരക്ക്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..

(വോയിസ്)

********************************

**HEADLINE-6**

# FIDE WOMENS WORLD CUP

FIDE വനിതാ ചെസ്സ് ലോകകപ്പ് ഫൈനലിൽ സ്ഥാനം ഉറപ്പിച്ച് ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്. സെമിഫൈനലിന്റെ രണ്ടാം ഗെയിമിൽ ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ദിവ്യ ഫൈനലിൽ എത്തിയത്. ഇതോടെ FIDE വനിതാ ലോകകപ്പിന്റെ ഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യക്കാരിയായി 19 കാരിയായ ദിവ്യ.

*

***************

************************************************